# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| | |
|---|---|
| നവംബർ<br>NOVEMBER 27 | 2018 |

## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com


---

## ***ശബരിമലയിൽ ഈശ്വര ചൈതന്യം നിറഞ്ഞുനിൽക്കുന്നു, അയ്യപ്പഭക്തർ പ്രകൃതി സംരക്ഷിക്കണം: മേൽശാന്തി***

ശബരിമല: അയ്യപ്പന്റെ ചൈതന്യം സാന്നിധാനത്തിൽ മാത്രമല്ല ഇവിടുത്തെ പ്രകൃതിയിലും വളരെയധികം നിറഞ്ഞുനിൽക്കുകയാണെന്നും ഈ പുണ്യമായ അന്തരീക്ഷം നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനും അയ്യപ്പഭക്തന്മാർ ശ്രദ്ധിക്കണമെന്നും ശബരിമല മേൽശാന്തി വി.എൻ. വാസുദേവൻ നമ്പൂതിരി പറഞ്ഞു. പ്രകൃതിയെ നമ്മൾ അതേ രൂപത്തിൽ സംരക്ഷിച്ചു നിർത്തണം, അയ്യപ്പഭക്തർ കൃത്യനിഷ്ഠ പാലിക്കണം. പമ്പയിൽ മുങ്ങിക്കുളിച്ച് വരുന്ന ഭക്തർ വസ്ത്രങ്ങൾ പുഴയിലോ വഴിയിലോ ഉപേക്ഷിക്കരുത്. പ്ലാസ്റ്റിക് സാധനങ്ങളും വഴിയിൽ ഉപേക്ഷിക്കരുത്. പ്രകൃതിയിൽ ഈശ്വര ചൈതന്യം നിറഞ്ഞുനിൽക്കുന്നൂയെന്ന ധാരണയിൽവേണം മലകയറാൻ. അങ്ങനെ പ്രകൃതിയുടെ ചൈതന്യം വളരെയധികം പുണ്യമായി നിലനിർത്തണം. അയ്യപ്പന്റെ സന്നിധിയും പ്രകൃതിയും സംരക്ഷിച്ചു നിർത്തണമെന്നും മേൽശാന്തി പറഞ്ഞു.

***(പി.ആർ. ശബരി-147)***

## *അരവണ 28ലക്ഷം ടിൻ, അപ്പം രണ്ടുലക്ഷം സ്റ്റോക്കുണ്ട്: വിലക്കുറച്ചെന്ന പ്രചാരണം അടിസ്ഥാനരഹിതം- എക്സിക്യൂട്ടീവ് ഓഫീസർ*

ശബരിമല: സന്നിധാനത്ത് അപ്പത്തിനു അഞ്ചുരൂപ കുറച്ചെന്ന തരത്തിൽ സമൂഹിക മാധ്യമങ്ങളിൽ പ്രചരിക്കുന്ന വാർത്തകൾ അടിസ്ഥാനരഹിതമാണെന്നു ദേവസ്വം ബോർഡ് എക്സിക്യൂട്ടീവ് ഓഫീസർ ഡി. സുധീഷ് കുമാർ വ്യക്തമാക്കി. പായ്ക്കു ചെയ്യുന്ന കവറിൽ സ്ഥലമില്ലാത്തതിനാൽ എണ്ണം എട്ടിൽനിന്നു ഏഴാക്കുകയും വില 40ൽ നിന്നു 35 ആക്കിയെന്ന തരത്തിലാണ് പ്രചരണങ്ങൾ. എന്നാൽ കഴിഞ്ഞ വർഷത്തെ പോലെതന്നെ ഏഴ് അപ്പത്തിന്റെ ഒരു കവറിന് 35 രൂപ തന്നെയാണ് ഇത്തവണയും ഈടാക്കുന്നത്. അരവണയ്ക്ക് ഇത്തവണയും ഒരു ടിന്നിന് 80 രൂപയാണ് വില. അപ്പം, അരവണ വിലയിൽ മാറ്റം വരുത്തിയിട്ടില്ല.

ഭക്തജനത്തിരക്ക് വർധിക്കുന്ന സാഹചര്യത്തിൽ ആവശ്യത്തിന് അപ്പം, അരവണ സ്റ്റോക്ക് ഉണ്ടെന്ന് ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ പറഞ്ഞു. 15 ദിവസത്തേയ്ക്ക് 28ലക്ഷം ടിൻ അരവണയും രണ്ടുലക്ഷം കവർ അപ്പവും സ്റ്റോക്ക് ചെയ്തിട്ടുണ്ട്. വഴിപാടിനും വിപുലമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. വരുന്ന ഭക്തർക്ക് താമസ സൗകര്യത്തിനും വിരിവയ്ക്കുന്നതിനും സൗജന്യമായും വാടകയ്ക്കും വിവിധസ്ഥലങ്ങളിൽ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. സോപാനത്ത് പരമാവധി ഭക്തർക്ക് സുഖദർശനം ഉറപ്പുവരുത്തുന്നതിനാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രഥമ പരിഗണന നൽകുന്നതെന്നും അദ്ദേഹം പറഞ്ഞു. തിരുമുറ്റത്ത് മഹാകാണിക്കയിലേയ്ക്കും വാവരു നടയിലേയ്ക്കുമുള്ള വഴികളിൽ സ്ഥാപിച്ച ബാരിക്കേഡുകൾ നിയന്ത്രണവിധേയമായി നീക്കുന്നതിന് പോലീസിനോട് അഭ്യർഥിച്ചിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

***(പി.ആർ. ശബരി-148)***

## *മാലിന്യസംസ്കരണത്തിനു പ്രധാന പങ്കുവഹിച്ച് ഇൻസിനിറേറ്റർ*

ശബരിമല: സന്നിധാനത്തെയും പരിസരത്തേയും മാലിന്യമുക്തമായി പരിപാലിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന യൂണിറ്റാണ് ഇൻസിനിറേറ്റർ. സന്നിധാനത്ത് പാണ്ടിത്താവളത്താണ് ഈ യൂണിറ്റ് പ്രവർത്തിക്കുന്നത്. മൂന്നു യൂണിറ്റുകളാണ് ഇവിടെ ഉള്ളത്. മണിക്കൂറിൽ 650 കിലോഗ്രാം മാലിന്യം വരെ സംസ്കരിക്കാൻ ശേഷിയുണ്ട്. സന്നിധാനത്തും പരിസരത്തും നിന്നും ശേഖരിക്കുന്ന മാലിന്യം ഇവിടെയെത്തിച്ച് ജൈവവും അജൈവവുമായി വേർതിരിച്ചാണ് സംസ്കരിക്കുന്നത്. ഏകദേശം 15 വർഷമായി ശബരിമലയെ ഒരു പരിധിവരെ മാലിന്യമുക്തമായി പരിപാലിക്കുന്നതു ഇൻസിനിറേറ്ററാണ്. 65 തൊഴിലാളികൾ മൂന്നു ഷിഫ്റ്റായി ഇവിടെ പ്രവർത്തിക്കുന്നുണ്ട്. മരക്കൂട്ടം മുതൽ

പാണ്ടിത്താവളം വരെയുള്ള മാലിന്യങ്ങളാണ് ഇവിടെ നിർമാർജനം ചെയ്യുന്നത്.

***(പി.ആർ. ശബരി-149)***

## ***<u>സന്നിധാനത്ത് ഭക്തജനത്തിരക്ക്</u>***

ശബരിമല: കഴിഞ്ഞ ദിവസങ്ങളിലെ ഭക്തജനത്തിരക്ക് ഇന്നും ആവർത്തിച്ചു. രാവിലെ നിർമ്മാല്യ ദർശനത്തിനും നെയ്യഭിഷേകത്തിനും വൻതിരക്കു അനുഭവപ്പെട്ടു. വിവിധ സ്ഥലങ്ങളിൽ തിരക്കു നിയന്ത്രിച്ചതിനാൽ ഭക്തർക്ക് സുഗമമായ ദർശനം സാധ്യമായി. അപ്പം, അവരണ വിൽപ്പനയും വർധിച്ചു.

***(പി.ആർ. ശബരി-150)***


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ NOVEMBER 27 | 2018 |
| --- | --- |

# ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

## അന്ന് വിരിവച്ചത് മരപ്പൊത്തിൽ-ചോയിക്കുട്ടിയ്ക്ക് പുണ്യസ്മരണ

ശബരിമല: 45വർഷം മുൻപ് മാളികപ്പുറത്ത് മരപ്പൊത്തിൽവരെ വിരിവെച്ച് കിടന്നുറങ്ങിയ ഓർമ്മകൾ പങ്കുവെച്ച് ചോയിക്കുട്ടി. കോഴിക്കോട് മുക്കം നീലേശ്വരം തുപ്പുകരയിൽ 74 കാരനായ ചോയിക്കുട്ടിയുടെ തീർഥാടന സ്മരണകളിൽ നിറഞ്ഞുനിൽക്കുന്നത് ഹരിതാഭമായ സന്നിധാനവും പരിസരവുമാണ്. എങ്ങും നിബിഡ വനം. ഇന്ന് കാണുന്ന കോൺക്രീറ്റ് മന്ദിരങ്ങൾ ഒന്നുംതന്നെ ഇല്ല. 1973ലാണ് ആദ്യമായി അയ്യപ്പദർശനം നടത്തുന്നത്. നാട്ടിൽനിന്ന് ഏഴുപേരടങ്ങുന്ന സംഘത്തോടൊപ്പമായിരുന്ന യാത്ര. അതും മൊത്തം ഏഴു ദിവസത്തെ യാത്ര. ബസിൽ കോഴിക്കോട്ട് നിന്ന് പാലാ ,പൊൻകുന്നം, എരുമേലി വഴി ക്ഷേത്രങ്ങളിൽ ദർശനം നടത്തിയാണ് സന്നിധാനത്തെത്തുന്നത്.

പമ്പയിൽ തങ്ങി അവിടെ ഭക്ഷണമു ാക്കി വിരിവെച്ച് കിടക്കും. അടുപ്പിൽനിന്ന് ചാരവും ഭക്ഷണാവശിഷ്ടങ്ങളും തിന്നുന്നതിനായി കുറുനരിയും പന്നികളും ഓളിച്ചും പതുങ്ങിയും എത്തുമായിരുന്നു എന്ന് ചോയിക്കുട്ടി ഓർമിക്കുന്നു. കരിമല, നീലിമല കയറുമ്പോൾ പലപ്പോഴും ആനകളെ ക ിട്ടു ്. അക്കാലത്ത് ഭസ്മക്കുളം, തീർഥക്കുളം എന്നിവ സന്നിധാനത്തിന് സമീപമായിരുന്നു. ആഴി കൊടിമരച്ചുവട്ടിലും. വന്യമൃഗശല്യം ഒഴിവാക്കാൻ ചുറ്റും വലിയ കിടങ്ങുകൾ കുഴിച്ചിരുന്നു. വൈദ്യുതി ഇല്ലാതിരുന്നതിനാൽ

മെഴുകുതിരി വെട്ടത്തിലായിരുന്നു കഴിഞ്ഞിരുന്നത്.

ഒരുതവണ മാളികപ്പുറത്തിന് സമീപം നിന്നിരുന്ന വലിയൊരു മരം പിഴുത് വീണിരുന്നു. ഈ മരത്തിന്റെ പൊത്തിൽ വിരിവെച്ച് കിടന്ന അപൂർവ്വ സ്മരണ ചോയിക്കുട്ടി പങ്കുവെച്ചു. മൃഗങ്ങളെ ഒട്ടുംപേടിക്കാതെ ഉറങ്ങാൻ കഴിഞ്ഞു. 45വർഷത്തിനിടയിൽ ഒരിക്കൽപോലും തീർഥാടനം മുടങ്ങിയിട്ടില്ലെന്ന് ചോയിക്കുട്ടി പറഞ്ഞു. അന്ന് ഒപ്പമു ായിരുന്ന ചിലർ തന്നേപ്പോലെ ഇപ്പോഴും മലചവിട്ടാൻ പോകുന്നു ്.

മുക്കത്തെ നല്ലൊരു കൃഷിക്കാരൻ കൂടിയാണ് ചോയിക്കുട്ടി. പത്തേക്കർ പാട്ടത്തിനെടുത്ത ഭൂമിയിൽ കപ്പയും വാഴയും പതിവായി കൃഷി ചെയ്യുന്നു ്. ഭാര്യയും നാലുമക്കളും അടങ്ങുന്നതാണ് കുടുംബം. രാവിലെയും വൈകുന്നേരവും കൃഷിയിടത്തിൽപോയി അത്യാവശ്യം ജോലികൾ ചെയ്യും. ആരോഗ്യപ്രശ്നങ്ങൾ ഒന്നുമില്ലെങ്കിൽ ശബരിമല ദർശനം സുവർണജൂബിലിയിലെത്തിക്കുമെന്ന ആത്മവിശ്വാസത്തിലാണ് ചോയിക്കുട്ടി.

(പി.ആർ. ശബരി-151)

## സന്നിധാനത്ത് ദുരന്തനിവാരണ അടിയന്തിര വിഭാഗം

ശബരിമല: സന്നിധാനത്തെത്തുന്ന അയ്യപ്പഭക്തന്മാർക്ക് അടിയന്തിര സഹായങ്ങൾ ലഭിക്കാനുള്ള യൂണിറ്റ് തുടങ്ങാൻ തീരുമാനമായി. കഴിഞ്ഞദിവസം സന്നിധാനം ഡ്യൂട്ടി മജിസ്ട്രേറ്റ് പി.പി. ജയരാജിന്റെ അധ്യക്ഷതയിൽ ചേർന്ന ഡിസാസ്റ്റർ മാനേജ്മെന്റ് യോഗത്തിലാണ് തീരുമാനം. യോഗത്തിൽ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാരായ എം. മുരളി, വി.എസ്. വിജയകുമാർ, സന്നിധാനം എസ്.എച്ച്.ഒ. ടി.ഡി. പ്രജീഷ്, നോഡൽ ഓഫീസർ ടി.ആർ. രാജീവ്, അയ്യപ്പസേവാസംഘം വൈസ് പ്രസിഡന്റ് പി.ഒ. ബാലൻ, ഫോറസ്റ്റ് റേഞ്ച് ഓഫീസർ എ.എസ്. അശോക്, ഹെൽത്ത് ഇൻസ്പെക്ടർ ബി. അനിൽകുമാർ എന്നിവർ പങ്കെടുത്തു. അയ്യപ്പഭക്തന്മാർക്ക് അടിയന്തിരസഹായങ്ങൾക്കായി 04735-202984 എന്ന നമ്പരിൽ ബന്ധപ്പെടണമെന്ന് ഡ്യൂട്ടി മജിസ്ട്രേറ്റ് അറിയിച്ചു.

(പി.ആർ. ശബരി-152)

## ഇന്ന് (28) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല: ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ജില്ലയിൽ ഇന്ന് (28) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: അൽഫെയർ മെഡിക്കൽസ് പത്തനംതിട്ട, അർച്ചന മെഡിക്കൽസ് കോന്നി, കാവിൽ മെഡിക്കൽസ്

കോഴഞ്ചേരി, അശ്വതി മെഡിക്കൽസ് അടൂർ, ന്യൂ മെഡിക്കൽസ് പന്തളം, കുരിശുമൂട്ടിൽ ഡ്രസ് ഹൗസ് തിരുവല്ല, ട്രിനിറ്റി ഹെൽത്ത് കെയർ റാന്നി, കുര്യൻസ് മെഡിക്കൽസ് കുമ്പളാംപൊയ്ക.

(പി.ആർ. ശബരി-153)



കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER 27 | 2018 |
|---|---|



ശബരിമല പത്രക്കുറിപ്പ്-3

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

# ഭക്തർക്ക് നിർവൃതിയായി ഉരക്കുഴി തീർഥം

ശബരിമല: കലിയുഗവരദന്റെ കാനനക്ഷേത്രത്തിലേയ്ക്കെത്തുന്നവർക്ക് നിർവൃതിയേകി ശബരിമലയിലെ ഉരക്കുഴി തീർഥം. സന്നിധാനത്തെ മാളികപ്പുറത്തിന് വടക്കുഭാഗത്തായി പാ ണ്ടിത്താവളത്തുനിന്നും 300 മീറ്ററോളം ദൂരെയാണ് ഈ പുണ്യതീർഥം സ്ഥിതിചെയ്യുന്നത്. (ഒരുകിലോമീറ്റർ അകലെയാണ് കുമ്പളം തോടിലെ ഉരക്കുഴി തീർഥം.) ശ്രീധർമ്മശാസ്താവിന്റെ ഐതിഹ്യവുമായി ബന്ധപ്പെട്ട ഉരക്കുഴി തീർഥം പാപനാശിനിയാണെന്നാണ് വിശ്വാസം. ഏറെ വിശ്വാസികൾ ഉരക്കുഴി കാണാനും ഇവിടെ കുളിക്കാനുമായി എത്തിച്ചേരുന്നു ് . കുമ്പാളം തോടിലുള്ള വെള്ളച്ചാട്ടത്തിന് കീഴെയായി ഒരാൾ സൗകര്യത്തിനുള്ള കുഴിയാണ് ഉരക്കുഴിയായി അറിയപ്പെടുന്നത്. ചെറിയ കുഴിയായി തോന്നുമെങ്കിലും ഇത് ഏറെ സൗകര്യപ്രദമാണ്. സുഖരമായ തണുപ്പും അനുഭവപ്പെടും. പുൽമേട് പരമ്പരാഗത കാനനപാതയിലൂടെ വരുന്ന തീർഥാടകർ ഉരക്കുഴി തീർഥത്തിലാണ് സ്നാനം ചെയ്യുന്നത്. ഭഗവത് ദർശനത്തിനുശേഷം ശേഷം ഈ പുണ്യതീർഥത്തിൽ മുങ്ങിക്കുളിച്ച് തങ്ങളുടെ പാപഭാരങ്ങളും ക്ഷീണവും കഴുകികളഞ്ഞാണ് ഓരോ ഭക്തനും മലയിറങ്ങുന്നത്.

(പി.ആർ. ശബരി-154)

# അയ്യന് പാനകം, ദേവിക്ക് അട നിവേദ്യം; അരവണയും കടുംപായസവും മഹാപ്രസാദം

ശബരിമല: ശബരിമലയിലെ അരവണപായസവും മാളികപ്പുറത്തെ കടുംപായസവും അയ്യപ്പനും മാളികപ്പുറത്തമ്മയ്ക്കുമുള്ള നിവേദ്യങ്ങളാണ്. ഭക്തജന ലക്ഷങ്ങൾക്കത് ആശ്വാസമേകുന്ന മഹാപ്രസാദമാണ്. നിവേദ്യങ്ങൾ ദേവതാ സങ്കൽപം അനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നു. ശബരിമലയിൽ അയ്യനും മാളികപ്പുറത്ത് ദേവിക്കും സമർപ്പിക്കുന്ന നിവേദ്യങ്ങൾ വ്യത്യസ്തമാണ്. മേൽശാന്തിമാരുടെ പരികർമികളെന്ന നിലയിൽ കീഴ്ശാന്തിമാർക്കാണ് നിവേദ്യമടക്കമുള്ളവ തയാറാക്കി സമയത്ത് ശ്രീകോവിൽ എത്തിക്കേ ചുമതല.

## അയ്യന് അരവണയും പാനകവും

ശബരിമലയിൽ അയ്യന് ഉഷപൂജയ്ക്ക് ചതുശ്ശതം അഥവാ ഇടിച്ചുപിഴിഞ്ഞ പായസമാണ് നിവേദ്യം. അരി, ശർക്കര, നെയ്യ്, പലം, കഴഞ്ച്, കദളിപ്പഴം, തേങ്ങാപ്പാലുമടങ്ങിയതാണ് പായസം. ര ാംപാല് മൂന്നാംപാല് എന്നിങ്ങനെ തയാറാക്കുന്ന തേങ്ങാപ്പാല് വറ്റിച്ചാണ് പായസം തയാറാക്കുന്നത്. അവസാനം ഒന്നാം പാല് ചേർത്ത് നിവേദ്യമൊരുക്കും.

നെയ്യഭിഷേകത്തിന് മുമ്പ് അവൽ, മലര്, ത്രിമധുരം എന്നിവ നിവേദിക്കും. മുന്തിരി, കൽക്ക ം, തേൻ എന്നിവ ചേർന്നതാണ് ത്രിമധുരം. ഗണപതി ഹോമത്തിന് അഷ്ടദ്രവ്യം ഹോമിക്കും. അവൽ, മലര്, ശർക്കര, കൊട്ടത്തേങ്ങ, കരിമ്പ്, നെയ്യ്, എള്ള്, കദളിപ്പഴം എന്നിവയാണ് ചേരുവകൾ.

ഉച്ചപൂജയ്ക്ക് മഹാനിവേദ്യമായി വെള്ളയും അരവണപായസവും. ശർക്കരയും അരിയും നെയ്യും തേങ്ങ വറുത്തതും സുഗന്ധവ്യഞ്ജനങ്ങളും ചേർത്ത പ്രത്യേക കൂട്ടാണ് അരവണ പായസത്തിന്. മികച്ച കൂട്ടുകൾ തികഞ്ഞ ശുദ്ധിയിലാണ് അരവണപായസത്തിന് ഉപയോഗിക്കുക. ഉച്ചകഴിഞ്ഞ് നടതുറക്കുമ്പോൾ മലർ നിവേദ്യം. അത്താഴപൂജയ്ക്ക് പാനകവും ഉണ്ണിയപ്പവും. പാനകം നിവേദ്യം ഔഷധഗുണമാർന്ന മഹാപ്രസാദമാണ്. ശർക്കര വെള്ളം വറ്റിച്ച് ചുക്കും കുരുമുളകും സുഗന്ധവ്യഞ്ജനങ്ങളും ഒട്ടേറെ ചേരുവകളും ചേർത്താണ് അയ്യന്റെ നിവേദ്യം തയാറാക്കുക. കൂട്ട് രഹസ്യമാണ്. അരിയും നെയ്യും വറുത്തതേങ്ങാക്കൊത്തും ചേർത്താണ് ഉണ്ണിയപ്പം തയാറാക്കുക.

## അമ്മയ്ക്ക് കടുംപായസവും അടയും

മാളികപ്പുറത്തമ്മയ്ക്ക് നടതുറന്നതിനുശേഷം മലർ നിവേദിക്കും. മലര്, അവൽ, പഴം, ശർക്കര എന്നിവ ചേർന്ന മലർനിവേദ്യം വെള്ളിപാത്രത്തിലാണ് നിവേദിക്കുക. ഉഷപൂജയ്ക്ക് കടുംപായസമാണ് നിവേദ്യം. അരി, കൽക്ക ം, മുന്തിരി, കൊട്ടത്തേങ്ങ, നെയ്യ്, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയാണ് ചേരുവകൾ. ഉച്ചപൂജയ്ക്കും അത്താഴപൂജയ്ക്കും കടുംപായസം നിവേദിക്കും. പ്രസന്നപൂജയ്ക്കായി അട നിവേദിക്കും. അരിപ്പൊടിയും നെയ്യും കൂട്ടിക്കുഴച്ച് വഴറ്റിയ നാളീകേരവും ശർക്കര പാനിയും ചേർത്ത് ഇലയിലാണ് അട തയാറാക്കുന്നത്. തുടർന്ന് താംബൂല നിവേദ്യം. പഴങ്ങളും നിവേദിക്കും. ആപ്പിൾ, മുന്തിരിയടക്കമുള്ള പഴവർഗങ്ങളാണ് നിവേദിക്കുക. ഗണപതി ഹോമത്തിന് അഷ്ടദ്രവ്യം ഹോമിക്കും.

(പി.ആർ. ശബരി-155)



# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ | |
|---|---|
| NOVEMBER 27 | 2018 |

## ശബരിമല പത്രക്കുറിപ്പ്-4

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

---

## മിഷൻ ഗ്രീൻ ശബരിമലയ്ക്ക് തുടക്കം

ശബരിമല: മിഷൻ ഗ്രീൻ ശബരിമല പദ്ധതി പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി പമ്പയിൽ ഉദ്ഘാടനം ചെയ്തു. ജില്ലാ ഭരണകൂടവും, ശുചിത്വമിഷനും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് മിഷൻ ഗ്രീൻ ശബരിമല. റെയിൽവേ കിയോസ്ക് വഴി തുണിസഞ്ചി വിതരണം, ഗ്രീൻ ഗാർഡ്സ്, പ്ലാസ്റ്റിക് മാലിന്യ ശേഖരണം, ശുചീകരണ പ്രവർത്തനങ്ങൾ, ബോധവൽക്കരണ കാർഡ് വിതരണം, പോസ്റ്ററുകൾ, ബസ് ബ്രാൻഡിംഗ്, റെയിൽവേ സംഗീതശകലം, വീഡിയോ പ്രദർശനം തുടങ്ങി പ്രകൃതി സൗഹൃദ തിരുവാഭരണ യാത്ര വരെ നീളുന്ന പരിപാടികളാണ് ശുചിത്വമിഷന്റെ നേതൃത്വത്തിൽ ഒരുക്കുന്നത്. തീർത്ഥാടനകാലത്ത് ശബരിമലയെ മലിനപ്പെടുത്താതെ സൂക്ഷിക്കേ ത് ഓരോ അയ്യപ്പഭക്തന്റെയും കർത്തവ്യമാണെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണദേവി പറഞ്ഞു. മാത്രമല്ല, പുണ്യനദിയായ പമ്പയിൽ വസ്ത്രം ഉപേക്ഷിക്കുന്ന രീതി അയ്യപ്പഭക്തർ ഉപേക്ഷിക്കണമെന്നും അന്നപൂർണദേവി പറഞ്ഞു.

പ്ലാസ്റ്റിക് രഹിത തീർത്ഥാടനം ഉറപ്പാക്കുന്നതിനായി തീർത്ഥാടകർക്കായി തുണിസഞ്ചിയും പോക്കറ്റ് കാർഡും വിതരണം ചെയ്തു. ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിൽ എത്തുന്ന തീർത്ഥാടകരിൽ നിന്നും പ്ലാസ്റ്റിക് ക്യാരിബാഗ് വാങ്ങുകയും പകരം സൗജന്യമായി തുണിസഞ്ചി നൽകുകയും

ചെയ്യും. പമ്പയിലേയ്ക്ക് വസ്ത്രങ്ങൾ വലിച്ചെറിയുന്നത് ആചാരവിരുദ്ധമാണെന്നും ശബരിമലയും കാനനപാതയും പ്ലാസ്റ്റിക് വിമുക്തമായി സംരക്ഷിക്കണമെന്നുള്ള വിവിധ ഭാഷയിലുള്ള സന്ദേശവും ശബരിമലയിലെ വിശേഷദിവസങ്ങളും രേഖപ്പെടുത്തിയ പോക്കറ്റ് കാർഡുകൾ ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ തീർത്ഥാടകർക്ക് വിതരണം ചെയ്യുന്നു ്. തീർത്ഥാടകരുടെ വാഹനങ്ങളിലും കെഎസ്ആർടിസി ബസുകളിലും ബോധവൽക്കരണ സ്റ്റിക്കറുകൾ എൻഎസ്എസ് വോളന്റിയർമാർ, ശുചിത്വമിഷൻ വോളന്റിയർമാർ പതിപ്പിക്കുന്നു ്. പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനായുള്ള പെട്ടികൾ പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ശുചിത്വമിഷൻ സ്ഥാപിച്ചിട്ടു ്. വാഹനങ്ങളിൽ സഞ്ചരിക്കുന്ന തീർത്ഥാടകർ ളാഹ മുതൽ പമ്പ വരെയും കണമല മുതൽ ളാഹ വരേയും പ്ലാസ്റ്റിക് കുപ്പികളും മറ്റ് പ്ലാസ്റ്റിക് വസ്തുക്കളും വനാതിർത്തികളിൽ അലക്ഷ്യമായി വലിച്ചെറിയുന്നത് പതിവാണ്. ഇങ്ങനെ തീർത്ഥാടകർ വലിച്ചെറിയുന്ന അജൈവ മാലിന്യങ്ങൾ വനംവകുപ്പിന്റെ എക്കോ ഗാർഡുകൾ വഴി ശേഖരിച്ച് ജില്ലാ ശുചിത്വമിഷന്റെ നേതൃത്വത്തിൽ സ്വകാര്യഏജൻസി മുഖേന നീക്കം ചെയ്യുന്നുമു ്. തിരുവാഭരണ ഘോഷയാത്രയുമായി ബന്ധപ്പെട്ട് തിരുവാഭരണപാതയിൽ ഭക്ഷണ പാനീയങ്ങൾ വിതരണം ചെയ്യുന്നതിനും മറ്റ് അലങ്കാരങ്ങൾക്കും പ്ലാസ്റ്റിക്, ഡിസ്പോസിബിൾ വസ്തുക്കൾ ഒഴിവാക്കി മാലിന്യങ്ങൾ കുറയ്ക്കുന്നതിനും പാത പരിശുദ്ധമായി സംരക്ഷിക്കുന്നതിനും ശുചിത്വമിഷന്റെ നേതൃത്വത്തിൽ നടത്തുന്നു ്. തീർത്ഥാടന കാലയളവിന് ശേഷം പമ്പ, നിലയ്ക്കൽ, മറ്റു കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലുള്ള ശുചീകരണ പ്രവർത്തനങ്ങൾക്കും ശുചിത്വമിഷൻ നേതൃത്വം നൽകും. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോർജ് മാമ്മൻ കൊ ൂർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ശുചിത്വമിഷൻ പ്രോഗ്രാം ഓഫീസർ കെ.ആർ അജയ്, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോർജ്ജ് മാമ്മൻ കോ ൂർ, ജില്ലാ പഞ്ചായത്ത് പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ അഡ്വ.റെജി തോമസ്, എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് വില്യം ജോർജ്ജ് തുടങ്ങിയവർ പങ്കെടുത്തു

(പി.ആർ. ശബരി-156)

## ശബരിമല തീർഥാടനം: വൈദ്യുതി ഉറപ്പുവരുത്തി കെഎസ്ഇബി

ശബരിമല: തീർഥാടനത്തോടനുബന്ധിച്ച് നിലയ്ക്കൽ മുതൽ സന്നിധാനം വരെയുള്ള ഭാഗങ്ങളിൽ നിലയ്ക്കാത്ത വൈദ്യുതി വിതരണത്തിനു കാര്യക്ഷമമായ സംവിധാനങ്ങളാണ് കെഎസ്ഇബി ഏർപ്പെടുത്തിയിട്ടുള്ളത്. മൂഴിയാറിൽ നിന്നും പള്ളത്തുനിന്നും ത്രിവേണിയിലേക്കുള്ള 66 കെവി ലൈനിലൂടെ വൈദ്യുതി തടസമില്ലാതെ ലഭ്യമാക്കുന്നതിന് സബ് സ്റ്റേഷനുകളുടെയും ലൈനുകളുടെയും അറ്റകുറ്റപ്പണി തീർഥാടന കാലത്തിന് മുമ്പുതന്നെ പൂർത്തിയാക്കിയിരുന്നു. കൂടാതെ മു ക്കയം സബ് സ്റ്റേഷൻ 66 കെ.വി ആക്കിയതോടെ മൂഴിയാറിൽ നിന്നും പള്ളത്തുനിന്നും ത്രിവേണി 66 കെ.വി സബ്സ്റ്റേഷനിൽ ഒരേ സമയം വൈദ്യുതി ലഭ്യമാക്കാൻ സാധിച്ചു. നാറാണംതോട് ഇലവുങ്കൽ വഴി നിലയ്ക്കലേക്ക് ഭൂഗർഭ

കേബിളുകൾ സ്ഥാപിച്ച് ത്രിവേണി 66 കെ.വി സബ്സ്റ്റേഷനിൽ നിന്നും പുതുതായി ഒരു 11 കെ.വി ഫീഡർ മരക്കൂട്ടം വരെ സ്ഥാപിച്ചു. പമ്പ ത്രിവേണിയിൽ 11 കെ.വി. സ്വിച്ചിംഗ് സ്റ്റേഷനും ആരംഭിച്ചു.

നിലയ്ക്കൽ, ത്രിവേണി, പമ്പ, സന്നിധാനം തുടങ്ങി തീർഥാടനവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ വഴിവിളക്കുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുകയും ആവശ്യമുള്ള എല്ലാ സ്ഥലത്തും പുതിയ വഴിവിളക്കുകൾ സ്ഥാപിക്കുകയും ചെയ്തു. പമ്പയിലും സന്നിധാനത്തും ഒരു അസിസ്റ്റന്റ് എൻജിനീയറുടെ നേതൃത്വത്തിൽ 12 പേർ വീതം അടങ്ങുന്ന കെഎസ്ഇബിയുടെ ഉദ്യോഗസ്ഥർ വൈദ്യുതി വിതരണം കാര്യക്ഷമമാണെന്ന് ഉറപ്പുവരുത്തുന്നു .

(പി.ആർ. ശബരി-157)

## ദർശനം നടത്തി

ശബരിമല: കർണാടക മുൻ മന്ത്രിയും നിയമസഭാംഗവുമായ എസ്. സുരേഷ്കുമാറും ബാംഗ്ളൂർ സിറ്റി സെൻട്രൽ എംപിയുമായ പി. സി. മോഹനും ഇന്നലെ സന്നിധാനത്ത് ദർശനം നടത്തി.

(പി.ആർ. ശബരി-158)

## ഓൺലൈൻ വഴി ബുക്ക് ചെയ്തെത്തുന്ന തീർത്ഥാടകരുടെ എണ്ണത്തിൽ വർധനവ്

ശബരിമല: മണ്ഡലകാലത്ത് ശബരിമലയിൽ ദർശനത്തിന് ഓൺലൈൻ വഴി ബുക്ക് ചെയ്ത് എത്തുന്ന തീർത്ഥാടകരുടെ എണ്ണത്തിൽ വൻ വർധനവ്. ംംം.മെയമൃശാമഹമ.രീ എന്ന സൈറ്റിലൂടെയാണ് ബുക്ക് ചെയ്യുന്നത്. ശബരിമല ഡിജിറ്റൽ ക്രൗഡ് മാനേജ്മെന്റ് സിസ്റ്റം, കെ.എസ്.ആർ.ടി.സി ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ് എന്നിവ വഴി ഭക്തർക്ക് ദർശനം സുഗമമാക്കുകയാണ് ഇതിന്റെ ലക്ഷ്യം. നിലയ്ക്കലിൽ നിന്നുള്ള കെ.എസ്.ആർ.ടി.സി ബസ് ടിക്കറ്റ് ബുക്കിംഗും, ദർശനസമയം തിരഞ്ഞെടുപ്പും ഒരുമിച്ച് ലഭ്യമാകുന്ന തരത്തിലാണ് വെബ്പോർട്ടൽ പൊലീസ് ക്രമീകരിച്ചിരിക്കുന്നത്. ജനുവരി 19 വരെ ശബരിമല ഡിജിറ്റൽ ക്രൗഡ് മാനേജ്മെന്റ് സിസ്റ്റത്തിലൂടെ ദർശനസമയം ബുക്ക് ചെയ്യാം. ശബരിമലയിലെത്തുന്ന തീർത്ഥാടകർക്ക് ദർശനത്തിനെത്തുന്ന സമയവും ദിവസവും ഓൺലൈനായി തിരഞ്ഞെടുക്കാനുള്ള ഓൺലൈൻ പോർട്ടൽ സംവിധാനം പൊലീസ് ആരംഭിച്ചത് ഒക്ടോബർ 30 നാണ്. ഒരു സംഘത്തിന് 48 മണിക്കൂറാണ് ശബരിമലയിൽ തങ്ങാൻ അനുവാദം നൽകിയിരിക്കുന്നത്. ബുക്കിംഗ് കഴിഞ്ഞാൽ സമയമോ തീയതിയോ മാറ്റുവാൻ കഴിയില്ല. തിരക്ക് നിയന്ത്രണവിധേയമാക്കുന്നതിന് വേ ിയാണ് ഇത്തരം സൗകര്യങ്ങൾ ഒരുക്കിയിരിക്കുന്നത്. ഓൺലൈൻ ബുക്കിംഗ് ഇല്ലാതെ നിലയ്ക്കലിൽ

എത്തുന്ന തീർത്ഥാടകർക്ക് അവിടെ തയ്യാറാക്കിയിരിക്കുന്ന കെ.എസ്.ആർ.ടി.സി ബുക്കിംഗ് കൗ റുകളിൽ നിന്ന് മുൻഗണനാക്രമത്തിൽ ദർശനത്തിനുള്ള ടിക്കറ്റ് ലഭ്യമാക്കാനുള്ള സൗകര്യങ്ങളും ക്രമീകരിച്ചിട്ടു ്. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയ്ക്കാണ് ഇതിന്റെ നടത്തിപ്പ് ചുമതല. ഓൺലൈൻ ബുക്കിംഗ് സമയത്ത് ലഭിക്കുന്ന പ്രിന്റോ അല്ലെങ്കിൽ ക്യു.ആർ കോഡോ കൊ ് വേണം ദർശനത്തിനെത്താൻ. പമ്പയിൽ ക്രമീകരിച്ചിരിക്കുന്ന കൗ റിൽ ഇത് കാണിച്ച് അവിടെ നിന്നും ദർശനത്തിന് ലഭിക്കുന്ന പാസുമായി മരക്കൂട്ടത്തെ കൗ റിലെത്തണം. തുടർന്ന് ചന്ദ്രാനന്ദൻ റോഡ് വഴി പ്രത്യേകമായി തയ്യാറാക്കിയിരിക്കുന്ന ക്യൂവിലൂടെ സന്നിധാനത്തെത്തി സുഗമമായ ദർശനം സാധ്യമാക്കും. ഇതിനായി പമ്പയിൽ 34 പൊലീസുകാരും 3 ഓഫീസർമാരുമാണുള്ളത്. മരക്കൂട്ടത്തും സന്നിധാനത്തും 21 പേരടങ്ങുന്ന സംഘമാണുള്ളത്.

(പി.ആർ. ശബരി-159)

ഫോട്ടോ ക്യാപ്ഷൻ

മിഷൻ ഗ്രീൻ ശബരിമല പദ്ധതി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി പമ്പയിൽ ഉദ്ഘാടനം ചെയ്യുന്നു.

നിലയ്ക്കലിൽ തീർഥാടകർ വെർച്വൽ ക്യൂ കൂപ്പൺ പരിശോധനയ്ക്ക് വിധേയമാക്കുന്നു

(പി.ആർ. ശബരി-160)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ | |
|---|---|
| NOVEMBER 27 | 2018 |



## ശബരിമല പത്രക്കുറിപ്പ്-5

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidhanam2019@gmail.com

## ഇന്നലെ എത്തിയത് 35000ലേറെ തീർഥാടകർ

ശബരിമല: സന്നിധാനത്ത് ഇന്നലെ ദർശനത്തിനെത്തിയത് 35000ലേറെ തീർഥാടകർ. ഇന്നലെ വൈകീട്ട് ആറുവരെയുള്ള കണക്കാണിത്. തിങ്കളാഴ്ചയാണ് ഏറ്റവും തിരക്ക് അനുഭപ്പെട്ടത്. 60000ലേറെ പേർ ദർശനം നടത്തി. കഴിഞ്ഞ വെള്ളിയാഴ്ച 40000ലേറെ പേർ ദർശനം നടത്തിയിരുന്നു. ഭക്തർക്ക് ഒരു തരത്തിലുമുള്ള പ്രയാസങ്ങളും ഉ ാകാത്തവിധത്തിലുള്ള സൗകര്യങ്ങളാണ് നിലയ്ക്കൽ, എരുമേലി എന്നിവിടങ്ങളിലും പമ്പ മുതൽ സന്നിധാനം വരെയും ക്രമീകരിച്ചിരിക്കുന്നത്. ദർശനശേഷം വളരെയധികം നേരം തങ്ങാൻ നിൽക്കാതെ നെയ്യഭിഷേകം പൂർത്തിയാക്കി ഭക്തർ മടങ്ങുന്നതുമൂലം വൻതിരക്ക് ഒഴിവാക്കാൻ കഴിയുന്നു ്. ഇതോടൊപ്പം എല്ലാവർക്കും സുഗമമായ അയ്യപ്പദർശനം സാധ്യമാകുന്നു എന്നതാണ് ഏറെ പ്രത്യേകത. സന്നിധാനത്ത് തീർഥാടകർക്ക് പ്രയാസമു ാക്കുന്ന ഒരുതരത്തിലുമുള്ള നിയന്ത്രണങ്ങളില്ല. നെയ്യഭിഷേകത്തിനും യഥേഷ്ടം വിരിവെയ്ക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടു ്.

ചൂടുവെള്ളം, ചുക്കുകാപ്പി, ഔഷധവെള്ളം എന്നിവയുടെ വിതരണം ദേവസ്വംബോർഡ് നേരിട്ട് നിർവഹിക്കുന്നു. അതുപോലെ മാലിന്യനിർമാർജനവും ആരോഗ്യസുരക്ഷാ പ്രവർത്തനങ്ങളും വളരെ കാര്യക്ഷമമായിട്ടാണ് മു

ന്നോട്ട് കൊ ുപോകുന്നത്. തീർഥാടകരെ സഹായിക്കുന്നതിനായി എല്ലായിടങ്ങളിലും പോലീസിന്റെ സേവനം ഏർപ്പെടുത്തിയിട്ടു ്. വ്യാജപ്രചാരങ്ങളെ തള്ളിക്കളഞ്ഞ് ഇതരസംസ്ഥാനങ്ങളിൽ നിന്നുൾപ്പടെ തീർഥാടകരുടെ വരവ് ദിനംപ്രതി വർധിച്ചുവരുകയാണ്.

(പി.ആർ. ശബരി-161)

## ശബരിമലയിലെ ഇന്നത്തെ ചടങ്ങുകൾ(28.11.18)

രാവിലെ
3 ന് ..... ക്ഷേത്രനട തുറക്കൽ
3.05 ന് ..... നിർമ്മാല്യം
3.15 മുതൽ ഉച്ചയ്ക്ക് 12വരെ നെയ്യഭിഷേകം
3.30 ന് ഗണപതി ഹോമം
7.30 ന് ഉഷപൂജ
12.40ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കും

വൈകുന്നേരം
3 ന് നടതുറക്കൽ
6.30ന് ദീപാരാധന
7 ന് പുഷ്പാഭിഷേകം
രാത്രി 9.30 ന് അത്താഴപൂജ
10.50ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും ....

(പി.ആർ. ശബരി-162)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.